I ഇ.ബി. XIII – കേരള നിയമസഭ/VIII - 1

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2013 മാർച്ച് 15, വെള്ളി

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2013 മാർച്ച് മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

### ധനകാര്യം

### ക്രമപ്രശ്നം

#### നിയമസഭാംഗങ്ങളുടെ പെരുമാറ്റം സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് കഴിഞ്ഞകാല രാഷ്ട്രീയ നേതാക്കളെ അവഹേളിക്കുകയും നികൃഷ്ടമായ ഭാഷയിൽ ചിത്രീകരിക്കുകയും ചെയ്യുന്നത് ഒരു സാധാരണ സംഭവമായി തീർന്നിരിക്കുന്നു. ഇത്തരം ഭാഷാപ്രയോഗങ്ങൾക്ക് വിരാമമിടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ നാട് ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന നേതാക്കളെ കുറ്റം പറയുന്നതിനോടും മോശമായ ഭാഷയിൽ ചിത്രീകരിക്കുന്നതിനോടും ഗവൺമെന്റിന് യോജിപ്പില്ല.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സ്വകാര്യ സംഭാഷണം നടത്തിയത് ഒളിക്യാമറ ഉപയോഗിച്ച് ഒരു ചാനൽ പ്രചരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷം ഇപ്പോൾ പ്രതിഷേധിക്കുന്നത്. ടി. വി. തോമസിനെ ഞാൻ ബഹുമാനിക്കുന്നു. ഞാൻ നടത്തിയ പ്രയോഗത്തിൽ ആർക്കെങ്കിലും മനപ്രയാസമുണ്ടെങ്കിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ : ഇക്കാര്യത്തിൽ നിയമസഭാചട്ടം അനുശാസിക്കുന്നത് പരിശോധിച്ച് സഭയെ അറിയിക്കുന്നതാണ്.

## 2013 – 2014 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റേയും അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 2013-14 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു.

(രാവിലെ 9.07-ന് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.56-ന് പൂർത്തിയാക്കി.)

തുടർന്ന് 2013-14 സാമ്പത്തിക വർഷത്തെ ഏപ്രിൽ മുതൽ ജൂലൈ വരെ നാലുമാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുകയും Medium Term Fiscal Policy and Strategy Statement with Medium Term

Fiscal Plan for Kerala 2013-2014 to 2015-2016 മേശപ്പുറത്തു വയ്ക്കുകയും ചെയ്തു.

<u>മി. സ്പീക്കർ</u>: ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ബഡ്ജറ്റ് ഡോക്യുമെന്റ്സ് എം.എൽ.എ. ഹോസ്റ്റലിൽ മെമ്പർമാർക്ക് അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ 407-ാം നമ്പർ മുറിയിൽ നിന്നും ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.58-ന് പിരിഞ്ഞു.

--------